**SUPPLYCO**
ESSENTIAL REQUIREMENTS TO THE REACH OF EVERYONE

**The Kerala State Civil Supplies Corporation Limited**
(A fully owned Government of Kerala undertaking)

P.B. No.: 2030
Maveli Bhavan,
Maveli Road,
Gandhi Nagar,
Kochi-682 020

No: M2-17057/20

Dt : 03/08/2021

To

All Regional Managers
All Depot Managers

Sir,

Sub : Supplyco-Marketing-School Kit –Communication of items included in the School Kit –reg.

Ref : 1. Ltr No. NMA (1)/6076/2021/DGE dated 01/08/2021of DPI.
2. E-Tender scheduled on 05/08/2021

...........

Kindly refer to the above. Following items have been included in the School Kit which the distribution is to be started from the 3rd week of August 2021.

| Sl.No. | Items | Pre-Primary | Primary | Upper Primary |
|---|---|---|---|---|
| 1 | Rice (MDMS) | 2 Kg | 6 Kg | 10 Kg |
| 2 | Greeengram | 500 gram | 500 gram | 1 Kg |
| 3 | Toordhal | 500 gram | 500 gram | 500 gm |
| 4 | U.D. Washed | 500 gram | 500 gram | 1 Kg |
| 5 | Roasted Rava | 1 Kg | 1 Kg | 1 Kg |
| 6 | Coconut Oil | 1 Ltr | 1 Ltr | 2 Ltrs |
| 7 | Ragi Powder | 1 Kg | 1 Kg | 1 Kg |
| 8 | Peanut Candy (കടല/ കപ്പലണ്ടി മിഠായി) | 100 gm | 100 gm | 100gm |

Depot Managers are requested to consider this requirement while uploading indent for the e-tender scheduled on 05/08/2021. Detailed instructions will follows.

Yours Faithfully,

Addl. General Manager (Marketing)

Telephone : Office: 0484 2206775, 2206795. Fax: 0484-2206799, Gram : SUPPLYCO
E-mail: info@supplycomail.com Website: www.supplycokerala.com

Scanned with CamScanner

File No.DGE/6076/2021-NM(A1)

"ഭരണഭാഷ – മാതൃഭാഷ"

നം:എൻ.എം.എ(1)–6076/2021/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ജഗതി, തിരുവനന്തപുരം-695 014
ഫോൺ:-0471- 2580 548,
ഇ-മെയിൽ:- supdtnma.dge@kerala.gov.in
തീയതി : 01/08/2021

പ്രേക്ഷകൻ
പൊതുവിദ്യാഭ്യാസ ഡയറക്ടർ,

സ്വീകർത്താവ്
ചെയർമാൻ & മാനേജിങ് ഡയറക്ടർ,
കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ,
"മാവേലി ഭവൻ" ,
ഗാന്ധിനഗർ, കൊച്ചി

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം– സ്കൂൾ ഉച്ചഭക്ഷണ പദ്ധതി– 2021-22– ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള മാസങ്ങളിലെ ഭക്ഷ്യ ഭദ്രതാ അലവൻസ് വിതരണം-സംബന്ധിച്ച്

സൂചന :-
1. സ.ഉ (സാധാ) നം. 3191/2021/പൊ.വി.വ തീയ്യതി:29.06.2021 (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു
2. ഈ ഓഫീസിലെ 06.07.2021 ലെ ഇതേ നമ്പർ കത്ത്
3. 07.07.2021 തീയ്യതിയിലെ അങ്ങയുടെ ജി എസ് 2-22330/21 എന്ന നമ്പർ കത്ത്
4. സ.ഉ (സാധാ) നം. 3480/2021/പൊ.വി.വ തീയ്യതി:27.07.2021 (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

*******************

മേൽ സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു . 'കോവിഡ്-19' ഇന്റെ പശ്ചാത്തലത്തിൽ, സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ സ്കൂൾ കുട്ടികൾക്കും 2021-22 അധ്യയനവർഷം സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നത് വരെ, 'ഭക്ഷ്യ ഭദ്രതാ അലവൻസ് ' ഭക്ഷ്യകിറ്റുകളായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സഹകരണത്തോടെ വിതരണം ചെയ്യുന്നതിനുള്ള അനുമതി സൂചന 4 പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. വേനലവധിക്കാലമായ ഏപ്രിൽ, മെയ് മാസങ്ങളിലേക്ക് കൂടി സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന എല്ലാ കുട്ടികൾക്കും ഭക്ഷ്യ ഭദ്രതാ അലവൻസിന്റെ ഭാഗമായി കുക്കിംഗ് കോസ്റ്റ് അനുവദിക്കുവാൻ തീരുമാനിച്ച വിവരം കേന്ദ്രസർക്കാരും അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച നമ്മുടെ സംസ്ഥാനത്തിന്റെ പ്രൊപ്പോസൽ ബഹു: പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി 18.5.2021 ന് കേന്ദ്ര സ്കൂൾ വിദ്യാഭ്യാസവും സാക്ഷരതയും വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന പി.എ.ബി-എം.ഡി.എം യോഗത്തിൽ സമർപ്പിച്ചിരുന്നു.

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ , 2021-22 അധ്യയനവർഷം, ആദ്യഘട്ടമായി, ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള 5 മാസങ്ങളിലെ ഭക്ഷ്യ ഭദ്രതാ അലവൻസാണ് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സഹകരണത്തോടെ വിതരണം

Scanned with CamScanner

ചെയ്യുവാൻ ഈ കാര്യാലയം തീരുമാനിച്ചിട്ടുള്ളത്. ഭക്ഷ്യ ഭദ്രതാ അലവൻസിന്റെ ഭാഗമായി ഈ കാലയളവിലേക്ക് പ്രീ-പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം സ്കൂൾ കുട്ടികൾക്ക് അനുവദിക്കേണ്ട ഭക്ഷ്യധാന്യത്തിന്റെ അളവും കുക്കിംഗ് കോസ്റ്റും ചുവടെ ചേർക്കുന്നു.

| വിഭാഗം | ഭക്ഷ്യധാന്യത്തിന്റെ (അരി) അളവ് | കുക്കിംഗ് കോസ്റ്റ് |
|---|---|---|
| പ്രീ-പ്രൈമറി | 2 kg | 497.00 രൂപ |
| പ്രൈമറി | 6 kg | 497.00 രൂപ |
| അപ്പർ പ്രൈമറി | 10 kg | 782.25 രൂപ |

കുക്കിംഗ് കോസ്റ്റിനത്തിൽ പ്രീ-പ്രൈമറി, പ്രൈമറി വിഭാഗങ്ങൾക്ക് കുട്ടിയൊന്നിന് 497.00 രൂപയും അപ്പർ പ്രൈമറി വിഭാഗത്തിൽ കുട്ടിയൊന്നിന് 782.25 രൂപയുമാണ് അനുവദിക്കുക. ഈ തുകകൾക്ക്, 2020-21 വർഷത്തെ പോലെ, ഭക്ഷ്യകിറ്റുകളാണ് കുട്ടികൾക്ക് വിതരണം ചെയ്യേണ്ടത്. ടി തുകകൾക്ക്, ചെറുപയർ, തുവരപ്പരിപ്പ്, ഉഴുന്ന് പരിപ്പ്, റവ (roasted), വെളിച്ചെണ്ണ, റാഗിപ്പൊടി, കടല മിഠായി എന്നീ 7 ഭക്ഷ്യസാധനങ്ങൾ ചുവടെ പറയുന്ന അളവുകളിൽ ഉൾപ്പെടുത്തി (സപ്ലൈകോയുടെ ഓഗസ്റ്റ് വിലനിലവാരത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്) ഭക്ഷ്യകിറ്റുകൾ തയ്യാറാക്കുവാനും അവ ഭക്ഷ്യധാന്യത്തിനൊപ്പം സ്കൂളുകൾക്ക് വിതരണം ചെയ്യുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുവാനും സപ്ലൈക്കോയോട് അഭ്യർത്ഥിക്കുന്നു.

| പ്രീ-പ്രൈമറി & പ്രൈമറി | | അപ്പർ പ്രൈമറി | |
|---|---|---|---|
| ഭക്ഷ്യസാധനങ്ങൾ | അളവ് | ഭക്ഷ്യസാധനങ്ങൾ | അളവ് |
| ചെറുപയർ | 500 g | ചെറുപയർ | 1 kg |
| തുവരപ്പരിപ്പ് | 500 g | തുവരപ്പരിപ്പ് | 500 g |
| ഉഴുന്നുപരിപ്പ് | 500 g ✓ | ഉഴുന്നുപരിപ്പ് | 1 kg |
| റവ (roasted) | ~~500 g~~ 1kg ✓ | റവ (roasted) | 1 kg |
| വെളിച്ചെണ്ണ | 1 ലിറ്റർ ✓ | വെളിച്ചെണ്ണ | 2 ലിറ്റർ |
| റാഗിപ്പൊടി | 1 kg ✓ | റാഗിപ്പൊടി | 1 kg |
| കടല മിഠായി | 100 g | കടല മിഠായി | 100 g |

ജൂലൈ 30 വരെയുള്ള കണക്ക് പ്രകാരം 2952919 കുട്ടികളാണ് ഈ അധ്യയന വർഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ എൻറോൾ ചെയ്തിട്ടുള്ളത്. 238119, 1597621, 1117179 എന്നിങ്ങനെയാണ് പ്രീ-പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി വിഭാഗങ്ങളിലെ വിഭാഗങ്ങളിലെ ബെനിഫിഷ്യറി സ്ട്രെങ്ത്. ജില്ല തിരിച്ചുള്ള ഫീഡിങ് സ്ട്രെങ്ത് **അനക്സ്ച്ചർ 1** ആയി ചേർത്തിട്ടുണ്ട്. ഇതോടൊപ്പം ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന സ്കൂളുകളുടെ ലിസ്റ്റും (12302 സ്കൂളുകൾ) എക്സൽ ഫോർമാറ്റിൽ ഉള്ളടക്കം ചെയ്യുന്നു. ഭക്ഷ്യ ഭദ്രതാ അലവൻസ് വിതരണത്തിനാവശ്യമായ എം.ഡി.എം.എസ് അരിയുടെ ജില്ല തിരിച്ചുള്ള requirement **അനക്സ്ച്ചർ 2** ആയി ചേർത്തിട്ടുണ്ട്. ഭക്ഷ്യധാന്യത്തിന്റെയും ഭക്ഷ്യകിറ്റുകളുടെയും മാവേലി തിരിച്ചുള്ള ഇൻഡന്റിങ് നടത്തി ഇൻഡന്റുകൾ ബന്ധപ്പെട്ട മാവേലിസ്റ്റോറുകളിൽ ആഗസ്റ്റ് 3 ന് മുൻപായി സമർപ്പിക്കുവാൻ ഉപജില്ലാ വിദ്യാഭ്യാസ കാര്യാലയങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ച്, സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരാത്ത സ്പെഷ്യൽ വിദ്യാലയങ്ങളിലെ എട്ടാം ക്ലാസ്സ് വരെയുള്ള കാഴ്ച , കേൾവി പരിമിതികളുള്ള ഭിന്നശേഷി കുട്ടികൾക്കും ശാരീരിക അവശതകൾ/പ്രയാസങ്ങൾ മൂലം തങ്ങളുടെ വീടുകളിൽ തന്നെ തുടർന്ന് കൊണ്ട് റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ വിദ്യാഭ്യാസം നേടുന്ന എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നത് വരെ ഭക്ഷ്യ ഭദ്രതാ അലവൻസ് ഭക്ഷ്യകിറ്റുകളായി വിതരണം ചെയ്യുവാനുള്ള അനുമതി സൂചന 1 പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. ഈ രണ്ട് വിഭാഗങ്ങളിലുമായി ഏകദേശം 5000 വിദ്യാർത്ഥികൾ വരുമെന്നാണ് കണക്കാക്കുന്നത്. ഇവർക്ക് കൂടി ഭക്ഷ്യധാന്യവും ഭക്ഷ്യകിറ്റുകളും ലഭ്യമാക്കുന്നതിനായുള്ള അഡീഷണൽ ഇൻഡന്റുകൾ പ്രത്യേകം തയ്യാറാക്കി ഉപജില്ലാ വിദ്യാഭ്യാസ കാര്യാലയങ്ങളിൽ നിന്ന് ബന്ധപ്പെട്ട

Scanned with CamScanner

മാവേലിസ്റ്റോറുകളിൽ സമർപ്പിക്കുന്നതാണ്.

ഭക്ഷ്യ ഭദ്രതാ അലവൻസ് വിതരണത്തിന്റെ ചെലവിലേക്കായി 110 കോടി രൂപ (60 %) അഡ്വാൻസായി അനുവദിക്കുന്നതാണ്. വിതരണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാലൻസ് തുക റിലീസ് ചെയ്യുന്നതാണ് എന്ന് അറിയിക്കുന്നു. ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള വരെയുള്ള മാസങ്ങളിലെ ഭക്ഷ്യ ഭദ്രതാ അലവൻസ് വിതരണം സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും ടി വിതരണത്തിന്റെ സംസ്ഥാനതല ഉത്ഘാടനം ഓഗസ്റ്റ് മൂന്നാം വാരത്തിൽ ബഹു : മുഖ്യമന്ത്രി നടത്തുവാൻ സാധ്യതയുള്ളതിനാലും വിതരണത്തിനാവശ്യമായ തുടർനടപടികൾ എത്രയും വേഗത്തിൽ സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

Validity unknown

Digitally signed by
SANTHOSH C A
Date: 2021.08.01
14:49:43 IST
Reason: Approved

വിശ്വസ്തതയോടെ,

സന്തോഷ് സി എ
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം:-

01. അനെക്സ്ച്ചർ 1
02. അനെക്സ്ച്ചർ 2
03. സ്കൂൾ ലിസ്റ്റ്

Scanned with CamScanner